ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1105

# സൂറ – 37 / അസ്സ്വാഫ്ഫാത്ത്

**സൂക്തം: 83 – 93**

പുത്രബലി പിതാവിനു മാത്രമുള്ള പരീക്ഷണമായിരുന്നില്ല. പുത്രനു കൂടിയുള്ള പരീക്ഷണമായിരുന്നു. തന്നോടൊപ്പം പണിയെടുക്കാൻ പ്രാപ്തനായ പുത്രനെയാണ് ബലിയർപ്പിക്കേണ്ടത്; അന്ന് ഇസ്മാഈലിനു(അ) പതിമൂന്ന് വയസ്സായിരുന്നുവെന്ന് പറയപ്പെടുന്നു. ബലി നടക്കാൻ അദ്ദേഹത്തിന്റെ കൂടി സമ്മതം വേണം. മകൻ എതിർത്താൽ പിതാവിന്റെ പരീക്ഷണം പൂർത്തിയാവില്ല.

94. അതു കണ്ട ജനം അദ്ദേഹത്തിനു നേരെ കുതിച്ചു ചെന്നു — فَأَقْبَلُوٓا۟ إِلَيْهِ يَزِفُّونَ ﴿٩٤﴾

95. അദ്ദേഹം അവരോടു ചോദിച്ചു; നിങ്ങൾ കൊത്തിയുണ്ടാക്കിയതിനെയാണോ നിങ്ങൾ ആരാധിക്കുന്നത്? — قَالَ أَتَعْبُدُونَ مَا تَنْحِتُونَ ﴿٩٥﴾

96. നിങ്ങളെയും നിങ്ങൾ ചെയ്യുന്ന കർമങ്ങളെയും സൃഷ്ടിച്ചത് അല്ലാഹുവാണെന്നിരിക്കെ?! — وَٱللَّهُ خَلَقَكُمْ وَمَا تَعْمَلُونَ ﴿٩٦﴾

**94–96**

فَأَقْبَلُوا إِلَيْهِ يَزِفُّونَ = പിന്നെ ധ്രുതഗതിയിൽ അദ്ദേഹത്തിലേക്ക് നേരിട്ടു (നേരെ കുതിച്ചു വന്നു)

قَالَ = അദ്ദേഹം പറഞ്ഞു (അവരോടു ചോദിച്ചു) أَتَعْبُدُونَ = നിങ്ങൾ ആരാധിക്കു(ന്നത്)ന്നുവോ

مَا تَنْحِتُونَ = നിങ്ങൾ കൊത്തിയുണ്ടാക്കിയതിനെ(യാണോ)

وَاللَّهُ خَلَقَكُمْ = അല്ലാഹുവാണ് നിങ്ങളെ സൃഷ്ടിച്ചതെന്നിരിക്കെ وَمَا تَعْمَلُونَ = നിങ്ങൾ ചെയ്യുന്ന കർമങ്ങളെയും

ഉത്സവം കഴിഞ്ഞ് തിരിച്ചെത്തിയ ജനം കണ്ടത് തങ്ങളുടെ ദൈവങ്ങളെല്ലാം ഉടഞ്ഞ് തുണ്ടങ്ങളായി കിടക്കുന്നതാണ്. മഹാദേവൻ മാത്രമുണ്ട് കഴുത്തിൽ മഴുവുമണിഞ്ഞ് സുരക്ഷിതനായി നിൽക്കുന്നു. ആരാണീ കൊടും പാതകം ചെയ്ത മഹാ ധിക്കാരി? അന്വേഷണം തകൃതിയായി. ചിലർ നേരത്തേ ഇബ്റാഹീം എന്നൊരാൾ ഈ ദൈവങ്ങളെ വിമർശിച്ചിരുന്നതോർത്തു. അവരത് സഭയെ അറിയിച്ചപ്പോൾ അദ്ദേഹത്തെ ഉടൻ ഹാജരാക്കാൻ കൽപനയായി. നീയാണോ ഈ ദൈവനിന്ദ ചെയ്തതെന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അല്ല, ഈ ദൈവങ്ങളുടെ പെരിയവനാകും അതു ചെയ്തത്. നിങ്ങൾ അവയോടു തന്നെ ചോദിച്ചുനോക്കൂ; അവ സംസാരിക്കുമെങ്കിൽ. ഒരു നിമിഷം അവർ ചിന്തിച്ചു; ഇബ്റാഹീം പറയുന്നത് ശരിയല്ലേ, ഈ ദൈവങ്ങളോടു തന്നെയല്ലേ ആരാണവരെ അക്രമിച്ചതെന്ന് ചോദിക്കേണ്ടത്?! പക്ഷേ പെട്ടെന്നുതന്നെ വിഗ്രഹഭ്രമവും പൈതൃകപ്രേമവും അവരുടെ ചിന്തയെ കീഴ്മേൽ മറിച്ചുകളഞ്ഞു.

ثُمَّ نُكِسُوا عَلَىٰ رُءُوسِهِمْ لَقَدْ عَلِمْتَ مَا هَٰؤُلَاءِ يَنطِقُونَ ﴿٦٥﴾

(പിന്നെ അവർ തലകുത്തി മറിഞ്ഞു കൊണ്ടു പറഞ്ഞു: നിനക്കു തന്നെ അറിയാമല്ലോ, ഇവർ സംസാരിക്കില്ലെന്ന്

-21:65). ഇബ്റാഹീം (അ) ചോദിച്ചു; സ്വയം കൊത്തിയെടുത്ത വസ്തുക്കളെയാണ് നിങ്ങൾ ദൈവങ്ങളാക്കി ആരാധിക്കുന്ന തെന്നോ?! കല്ലിലും മരത്തിലും കൊത്തുപണി ചെയ്യുകയാണ് نحت. അതിൽനിന്നുള്ള വർത്തമാന ബഹുവചന ക്രിയാരൂപമാണ് تَنْحِتُونَ മറ്റൊരിടത്ത് أُفٍّ لَّكُمْ وَلِمَا تَعْبُدُونَ مِن دُونِ اللَّهِ أَفَلَا تَعْقِلُونَ (എങ്കിൽ ലജ്ജാവഹം; നിങ്ങൾക്കും അല്ലാഹുവിനെ വെടിഞ്ഞ് നിങ്ങൾ ആരാധിക്കുന്ന ദൈവങ്ങൾക്കും. നിങ്ങൾക്ക് ഒട്ടും ബുദ്ധിയില്ലേ?) എന്നു കൂടി അദ്ദേഹം പറയുന്നുണ്ട്. 'നിങ്ങളെയും നിങ്ങൾ ചെയ്യുന്ന കർമങ്ങളെയും സൃഷ്ടിച്ചത് അല്ലാഹുവാണെന്നിരിക്കെ' എന്ന ഇബ്റാഹീം നബിയുടെ വാക്ക് സൂചിപ്പിക്കുന്നത് യഥാർഥ സ്രഷ്ടാവും പ്രപഞ്ചപാലകനും അല്ലാഹുവാണെന്ന് അവർ സമ്മതിച്ചിരുന്നുവെന്നാണ്. ഈ ജ്ഞാനം ഉണ്ടായിട്ടും അചേതന വസ്തുക്കൾ കൊണ്ട് വിഗ്രഹങ്ങൾ കൊത്തിയുണ്ടാക്കി ദൈവങ്ങളാക്കി ആരാധിക്കുകയാണ് ആളുകൾ എന്നാണ് അദ്ദേഹം പറയുന്നത്.

'നിങ്ങൾ ചെയ്യുന്ന കർമങ്ങളും' - وَمَا تَعْمَلُونَ എന്നു പറഞ്ഞതിനർഥം കർമം ചെയ്യാനുള്ള നിങ്ങളുടെ ശക്തിയും സർഗാത്മകതയും അതു പ്രയോഗിക്കാനുള്ള മാധ്യമങ്ങളും അടിസ്ഥാന വിഭവങ്ങളുമൊക്കെ അല്ലാഹു സൃഷ്ടിച്ചുതന്നതാകുന്നു എന്നാണ്. മനുഷ്യൻ അപ്പപ്പോൾ ചെയ്യുന്ന പ്രവൃത്തികൾ അല്ലാഹുവിന്റെ സൃഷ്ടിയാണ് എന്ന വാദത്തിന് അശ്അരികൾ ഈ സൂക്തത്തെ പ്രമാണമാക്കുന്നുണ്ട്. സൂക്തത്തെ അക്ഷരാർഥത്തിലെടുക്കുമ്പോൾ അങ്ങനെയൊരു വാദത്തിന് പഴുതുണ്ടെന്നതു ശരിയാണ്. എങ്കിലും സന്ദർഭവുമായി സമന്വയിപ്പിക്കുമ്പോൾ ഉപര്യുക്ത വ്യാഖ്യാനമാണ് കൂടുതൽ പ്രബലമായിട്ടുള്ളത്. നിങ്ങളെയും വിഗ്രഹങ്ങളുണ്ടാക്കാൻ ഉപയോഗിക്കുന്ന വസ്തുക്കളെയും, അതുണ്ടാക്കാനുള്ള നിങ്ങളുടെ കഴിവുകളും ഉപാധികളുമെല്ലാം അല്ലാഹു സൃഷ്ടിച്ചതാണെന്ന് അറിയാമെന്നിരിക്കെ അവനെ വിട്ട് നിങ്ങൾ അവന്റെ ഈ സൃഷ്ടികളെ ദൈവങ്ങളാക്കി ആരാധിക്കുന്നത് എത്ര വിചിത്രമായിരിക്കുന്നു എന്ന് ജനങ്ങളോട് പറയുകയാണ് ഇബ്റാഹീം (അ). ●

---

قَالُوا ابْنُوا لَهُ بُنْيَانًا فَأَلْقُوهُ فِي الْجَحِيمِ ﴿٩٧﴾

97. ജനം ആക്രോശിച്ചു: 'അവനു വേണ്ടി ഒരു ചൂളയൊരുക്കുവിൻ, എന്നിട്ടവനെ അഗ്നികുണ്ഡത്തിലെറിയുവീൻ!

فَأَرَادُوا بِهِ كَيْدًا فَجَعَلْنَاهُمُ الْأَسْفَلِينَ ﴿٩٨﴾

98. അങ്ങനെ അവർ അദ്ദേഹത്തിനെതിരെ ഒരു കുടില നടപടിക്കു തുനിഞ്ഞു. നാം അവരെ ഇളിഭ്യരാക്കുകയായിരുന്നു.

**97,98**

قَالُوا = അവർ പറഞ്ഞു (ജനം ആക്രോശിച്ചു) ابْنُوا لَهُ = അവനു വേണ്ടി നിർമിക്കുവിൻ (ഒരുക്കുവിൻ)
بُنْيَانًا = ഒരു കെട്ടിടം (ചൂള) فَأَلْقُوهُ = എന്നിട്ടവനെ എറിയുവിൻ
فِي الْجَحِيمِ = നരകത്തിൽ, അഗ്നികുണ്ഡത്തിൽ فَأَرَادُوا = അങ്ങനെ അവർ ഉദ്ദേശിച്ചു (തുനിഞ്ഞു)
بِهِ كَيْدًا = അദ്ദേഹത്തെക്കൊണ്ട് ഒരു തന്ത്രം (അദ്ദേഹത്തിനെതിരെ ഒരു കുടില നടപടിക്ക്)
فَجَعَلْنَاهُمُ = നാം അവരെ ആക്കി (ആക്കുകയായിരുന്നു) الْأَسْفَلِينَ = അധമന്മാർ (ഇളിഭ്യർ)

വിഗ്രഹഭഞ്ജകൻ ഇബ്റാഹീം (അ) തന്നെയാണെന്ന് ഈ വിചാരണയിൽ ജനത്തിനു ബോധ്യമായി. ആ 'ദൈവനിന്ദകനെ'തിരെ അവരുടെ 'മതവികാര'വും 'ധാർമികരോഷ'വും അണപൊട്ടി. അദ്ദേഹത്തെ ചുട്ടുകൊല്ലുന്നതിൽ കുറഞ്ഞ ഒരു ശിക്ഷയും അവർക്കു ബോധിച്ചില്ല. അവർ ആക്രോശിച്ചു: حَرِّقُوهُ وَانصُرُوا آلِهَتَكُمْ (അവനെ ചുട്ടുകളയിൻ, നമ്മുടെ ദൈവങ്ങളെ സംരക്ഷിപ്പിൻ -21:68). ഉടനെ ആ ശിക്ഷ നടപ്പിലാക്കുന്നതിന് പദ്ധതി തയാറാക്കാനും നിർദേശമുയർന്നു. ابْنُوا لَهُ بُنْيَانًا-ന്റെ സുപരിചിതമായ അർഥം 'അവനു വേണ്ടി ഒരു കെട്ടിടമുണ്ടാക്കുവിൻ' എന്നാണ്. നിർമിതി, ചട്ടക്കൂട്, രൂപഘടന, രീതി തുടങ്ങിയ അർഥങ്ങളിലും بُنْيَان ഉപയോഗിക്കും. കെട്ടിടം എന്ന് അർഥമാണ് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചിരിക്കുന്നത്. ഒരു ശിലാഗൃഹമുണ്ടാക്കി അതിനകത്ത് വിറകു നിറച്ച് തീ കൊളുത്തി ഇബ്റാഹീമിനെ അതിലേക്കു തള്ളുകയായിരുന്നു പരിപാടി. ഇബ്റാഹീമിനെ ചുടാനായി കെട്ടിടമുണ്ടാക്കിയതെന്തിനാണ്? ചിതയൊരുക്കി, അല്ലെങ്കിൽ കുഴികുത്തി തീയിട്ട് അതിലേക്ക് തള്ളിയാൽ മതിയായിരുന്നില്ലേ? ഇതിനു വ്യക്തമായ കാരണം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. ഒരുപക്ഷേ, അക്കാലത്ത് ആളുകളെ ചുട്ടുകൊല്ലുന്ന രീതി അതായിരിക്കാം. പച്ചക്ക് ഒരാളെ തീയിലേക്ക് തള്ളുമ്പോൾ ദയ തോന്നി പിന്മാറാതിരിക്കാൻ, അല്ലെങ്കിൽ ഒരാൾ തീയിൽ കിടന്നു പിടഞ്ഞു ചാവുന്നത് കണ്ടുനിൽക്കാൻ വിഷമമുള്ളതുകൊണ്ട് എന്നാണ് ചിലരുടെ വിശദീകരണം. മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയുടെ അഭിപ്രായം ഇങ്ങനെ: ഇബ്റാഹീം നബിയുടെ ഉറ്റവരും ഉടയവരും അറിയാതെ രഹസ്യമായി ചുട്ടുകൊല്ലുകയായിരുന്നു ജനത്തിന്റെ പരിപാടി. പരസ്യമാക്കിയാൽ കുടുംബത്തിൽനിന്ന് എതിർപ്പും പ്രതികാര നടപടിയും ഉണ്ടാകുമെന്ന് അവർ ആശങ്കിച്ചിരുന്നു. ഈ ഭയം കൊണ്ടാണല്ലോ ഖുറൈശികൾ മുഹമ്മദ് നബിയെ കൊല്ലാൻ മടിച്ചിരുന്നത്. ജനക്കൂട്ടം പരസ്യമായിട്ടാണ് ഇബ്റാഹീമി(അ)നെ വിചാരണ ചെയ്യുന്നതും ചുട്ടുകൊല്ലാൻ വിധിക്കുന്നതും, അതിനു വേണ്ടി കെട്ടിടമുണ്ടാക്കാൻ തീരുമാനിക്കുന്നതും. ശിക്ഷ നടത്തുന്നത് ആ കെട്ടിടത്തിനകത്തുവെച്ചായതുകൊണ്ട് കുടുംബക്കാർ അറിയാതിരിക്കുമോ? ഇബ്റാഹീം നബിയുടെ പിതാവാകട്ടെ നേരത്തേ തന്നെ അദ്ദേഹത്തെ ബഹിഷ്കരിച്ചിരുന്നതാണ്.

قَالَ أَرَاغِبٌ أَنتَ عَنْ آلِهَتِي يَا إِبْرَاهِيمُ ۖ لَئِن لَّمْ تَنتَهِ لَأَرْجُمَنَّكَ ۖ وَاهْجُرْنِي مَلِيًّا

(ഇബ്റാഹീമിന്റെ പിതാവ് അദ്ദേഹത്തോട് ക്ഷോഭിച്ചു: ഹേ, ഇബ്റാഹീം! നീ എന്റെ ദൈവങ്ങളിൽ അതൃപ്തനാണെന്നോ; ഈ നിലപാടിൽനിന്ന് വിരമിക്കുന്നില്ലെങ്കിൽ തീർച്ചയായും ഞാൻ നിന്നെ എറിഞ്ഞോടിക്കും. നീ എന്നന്നേക്കുമായി എന്നെ വിട്ടുപൊയ്ക്കൊള്ളണം -19:46). ഈ വസ്തുതകൾ പരിഗണിക്കുമ്പോൾ കെട്ടിടമുണ്ടാക്കിയത് ചുട്ടുകൊല്ലുന്നത് കുടുംബക്കാരിൽനിന്ന് മറച്ചുപിടിക്കാനാണ് എന്ന നിരീക്ഷണം ബാലിശമാകുന്നു. بُنْيَان-ന് നിർമിതി എന്ന് അർഥം കൽപിക്കുമ്പോൾ തീകൂട്ടാനുണ്ടാക്കുന്ന കുഴിയും അടുപ്പും ചൂളയുമൊക്കെ അതിൽപെടുന്നു. വസ്തുക്കൾ ചുടാനും ഇത്തിൾ നീറ്റാനുമൊക്കെ ഭൂമിക്കു മുകളിൽ പടുത്തുയർത്തിയ ചൂള ഉണ്ടാക്കാറുണ്ടല്ലോ. ശിക്ഷിക്കപ്പെടുന്നവർ തീയിൽനിന്ന് ഓടിപ്പോകാതിരിക്കാൻ മനുഷ്യരെ ചുടാൻ ചൂളയോ കുഴിയോ നിർമിക്കുന്നത് മനസ്സിലാക്കാവുന്നതേയുള്ളൂ.

ജനം തീക്കുണ്ഡമൊരുക്കി ഇബ്റാഹീമി(അ)നെ അതിലെറിയുക തന്നെ ചെയ്തു. അങ്ങനെ അതികുടിലമായ ഒരു നടപടിയിലേർപ്പെട്ടതാണവർ. പക്ഷേ, അല്ലാഹു അവരെ ഏറ്റം നിന്ദിതരും പരാജിതരുമാക്കുകയാണുണ്ടായത്. അതെങ്ങനെയെന്ന് 21:69-ൽ പ്രസ്താവിച്ചിരിക്കുന്നു. قُلْنَا يَا نَارُ كُونِي بَرْدًا وَسَلَامًا عَلَىٰ إِبْرَاهِيمَ (നാം അരുൾ ചെയ്തു; അല്ലയോ അഗ്നി, ഇബ്റാഹീമിനു കുളിരും സമാധാനവുമായിത്തീരുക). فَجَعَلْنَاهُمُ الْأَخْسَرِينَ (നാം അവരെത്തന്നെ ഏറ്റം നഷ്ടപ്പെട്ടവരാക്കി) എന്നാണ് അവിടെ പറയുന്നത്. ഏറ്റം താഴ്ന്നവനാണ് أَسْفَل. വിജയം ഉറപ്പിച്ചു നടത്തിയ നടപടി തികഞ്ഞ പരാജയമാകുമ്പോഴുണ്ടാകുന്ന നാണക്കേടും ഇളിഭ്യതയുമാണ് ഇവിടെ أَسْفَلِينَ എന്ന വാക്കുകൊണ്ട് സൂചിപ്പിക്കുന്നത്. ●

وَقَالَ إِنِّي ذَاهِبٌ إِلَىٰ رَبِّي سَيَهْدِينِ ﴿٩٩﴾

99. ഇബ്റാഹീം പ്രസ്താവിച്ചു: ഞാനിതാ എന്റെ നാഥങ്കലേക്കു പോവുകയാണ്. തീർച്ചയായും അവൻ എനിക്കു വഴികാണിച്ചുതരും.

رَبِّ هَبْ لِي مِنَ الصَّالِحِينَ ﴿١٠٠﴾

100. നാഥാ, എനിക്കു നീ സച്ചരിത(നായ പുത്രനെ)നാൽ പ്രദാനം ചെയ്യേണമേ

**99,100**

وَقَالَ = അദ്ദേഹം (ഇബ്റാഹീം) പ്രസ്താവിച്ചു ; إِنِّي ذَاهِبٌ = ഞാൻ (ഇതാ) പോകു(ന്നു)ന്നവനാകുന്നു

إِلَىٰ رَبِّي = എന്റെ നാഥങ്കലേക്കു ; سَيَهْدِينِ = തീർച്ചയായും അവൻ എനിക്കു വഴികാണിച്ചുതരും

رَبِّ هَبْ لِي = നാഥാ, എനിക്കു നീ പ്രദാനം ചെയ്യേണമേ ; مِنَ الصَّالِحِينَ = സച്ചരിതരാൽ (സച്ചരിതനായ പുത്രനെ)

നിന്ദ്യമായ ഈ പരാജയം വ്യാജ ദൈവങ്ങളെ കൈവിടാനോ ഇബ്റാഹീമി(അ)നെ അംഗീകരിക്കാനോ അവരെ ഒട്ടും പ്രേരിപ്പിച്ചില്ല. അദ്ദേഹത്തോടുള്ള അവരുടെ വിരോധം വർധിക്കുകയാണ് ചെയ്തത്. ഇനിയും ഈ ജനതയെ പ്രബോധനം ചെയ്യുന്നത് നിഷ്ഫലമാണെന്നും അവർക്കിടയിൽ വസിക്കുന്നത് തന്റെ ജീവനു തന്നെ ആപത്താണെന്നും മനസ്സിലാക്കിയ ഇബ്റാഹീം (അ) ആ നാടുവിട്ട് പലായനം ചെയ്യാൻ തീരുമാനിച്ചു. എങ്ങോട്ടാണ് പോകേണ്ടതെന്നോ, ആരെയാണ് പ്രബോധനം ചെയ്യേണ്ടതെന്നോ വ്യക്തമായ കാഴ്ചപ്പാടൊന്നും അപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്നില്ല. പ്രവാചകന്മാരുടെ ചരിത്രത്തിലെ ഒന്നാമത്തെ ഹിജ്റയാണ് ഇബ്റാഹീം നബിയുടേത്. 'ഞാൻ എന്റെ നാഥങ്കലേക്കു പോകുന്നു' എന്ന വാക്യം ആ ഹിജ്റ അല്ലാഹുവിന്റെ അനുമതിയോടെയായിരുന്നുവെന്നും അവനു മാത്രം വഴിപ്പെട്ടു ചരിക്കാനും അവന്റെ സന്ദേശം പ്രചരിപ്പിക്കാനും സാധ്യമാകുന്ന പ്രദേശമായിരുന്നു ലക്ഷ്യമെന്നും സൂചിപ്പിക്കുന്നുണ്ട്. ആ സ്ഥലം ഏതാണെന്ന് അല്ലാഹു നിശ്ചയിക്കുകയും അവൻ തന്നെ അതിലേക്കു നയിക്കുകയും ചെയ്യുമെന്ന് അദ്ദേഹത്തിന് ഉറച്ച പ്രതീക്ഷയുണ്ടായിരുന്നു. ഹാറാൻ എന്ന നാട്ടിലേക്കാണ് ഊർ നഗരം വിട്ട ഇബ്റാഹീം നബി(അ) ആദ്യം പോയതെന്ന് ചില ചരിത്രകാരന്മാർ പറയുന്നു. പിന്നീട് അറേബ്യൻ നാടുകൾ മുഴുവൻ അദ്ദേഹത്തിന്റെ പര്യടനമണ്ഡലത്തിൽ ഉൾപ്പെട്ടു. ●

فَبَشَّرْنَاهُ بِغُلَامٍ حَلِيمٍ ﴿١٠١﴾

101. അപ്പോൾ നാം അദ്ദേഹത്തിന് സഹനശക്തിയും സഹിഷ്ണുതയുമുള്ള ഒരു പുത്രന്റെ ജനന സുവിശേഷമരുളി.

فَلَمَّا بَلَغَ مَعَهُ السَّعْيَ قَالَ يَا بُنَيَّ إِنِّي أَرَىٰ فِي الْمَنَامِ أَنِّي أَذْبَحُكَ فَانظُرْ مَاذَا تَرَىٰ ۚ قَالَ يَا أَبَتِ افْعَلْ مَا تُؤْمَرُ ۖ سَتَجِدُنِي إِن شَاءَ اللَّهُ مِنَ الصَّابِرِينَ ﴿١٠٢﴾

102. തന്നോടൊപ്പം പ്രയത്നിക്കാൻ പ്രാപ്തനായപ്പോൾ അദ്ദേഹം ആ പുത്രനോടു പറഞ്ഞു: പുത്രവത്സാ, ഞാൻ നിന്നെ ബലികഴിക്കുന്നതായി സ്വപ്നം കാണുന്നുണ്ടല്ലോ. ആലോചിച്ചുപറയൂ; നിനക്ക് എന്തു തോന്നുന്നുവെന്ന്. പുത്രൻ പറഞ്ഞു: പ്രിയപിതാവേ, അങ്ങ് കൽപിക്കപ്പെട്ടതു ചെയ്താലും. ദൈവേഛയുണ്ടെങ്കിൽ ഞാൻ സഹനശാലിയാണെന്ന് അങ്ങേക്കു കാണാം.

**101,102**

فَبَشَّرْنَاهُ = അപ്പോൾ നാം അദ്ദേഹത്തിനു സുവിശേഷമരുളി

بِغُلَامٍ حَلِيمٍ = സഹനശക്തിയും സഹിഷ്ണുതയുമുള്ള പുത്രൻ (ജനനം)

فَلَمَّا بَلَغَ = അവൻ പ്രായമെത്തി(പ്രാപ്തനാ)യപ്പോൾ مَعَهُ السَّعْيَ = തന്നോടൊപ്പം പ്രയത്നിക്കാൻ

قَالَ = അദ്ദേഹം (ആ പുത്രനോടു) പറഞ്ഞു يَا بُنَيَّ = പുത്രവത്സാ

إِنِّي أَرَىٰ فِي الْمَنَامِ = ഞാൻ നിദ്രയിൽ, സ്വപ്നത്തിൽ കാണുന്നുണ്ടല്ലോ أَنِّي أَذْبَحُكَ = ഞാൻ നിന്നെ അറുക്കുന്നതായി

فَانظُرْ = നീ ആലോചിക്കുക(ച്ചു പറയുക) مَاذَا تَرَىٰ = നീ എന്തു കാണുന്നുവെന്ന് (നിനക്കെന്തു തോന്നുന്നുവെന്ന്)

قَالَ = അവൻ (പുത്രൻ) പറഞ്ഞു يَا أَبَتِ = പ്രിയ പിതാവേ افْعَلْ = അങ്ങ് ചെയ്താലും

مَا تُؤْمَرُ = അങ്ങു കൽപിക്കപ്പെട്ടത് سَتَجِدُنِي = അങ്ങേക്കു എന്നെ കാണാം

إِن شَاءَ اللَّهُ = ദൈവേഛയുണ്ടെങ്കിൽ مِنَ الصَّابِرِينَ = സഹനശാലി(യാണെന്ന്)കളിൽപെട്ടവനായിട്ട്

ഏകാന്തമായ ഈ ദീർഘസഞ്ചാരത്തിനിടയിൽ, തന്റെ ദൗത്യത്തിൽ പങ്കാളികളാകുന്ന സജ്ജനങ്ങളെ തനിക്കു കൂട്ടായി നൽകേണമേ എന്ന് അദ്ദേഹം അല്ലാഹുവിനോടു പ്രാർഥിച്ചു. هَبْ لِي مِنَ الصَّالِحِينَ എന്നാണ് മൂലവാക്യം. 'സച്ചരിതരാൽ അല്ലെങ്കിൽ സച്ചരിതരിൽനിന്നുള്ളവരെ എനിക്കു പ്രദാനം ചെയ്യേണമേ' എന്നാണ് അർഥം. സച്ചരിതരിൽപെട്ട ഒരു പുത്രനെ പ്രദാനം ചെയ്യേണമേ എന്നാണ് വ്യാഖ്യാതാക്കൾ പൊതുവിൽ അതിനെ പരാവർത്തനം ചെയ്തിരിക്കുന്നത്. തുടർന്നു വരുന്ന പുത്രജനന സുവിശേഷം ഈ പരാവർത്തനത്തെ സ്ഥിരപ്പെടുത്തുന്നു. പിന്നീട് അദ്ദേഹത്തിന് ഹാജറ എന്ന ഈജിപ്ഷ്യൻ വനിതയിൽ ഒരു പുത്രൻ പിറന്നു; അറബികളുടെ പ്രപിതാവായ ഇസ്മാഈലിനെയും മാതാവിനെയും അല്ലാഹുവിന്റെ നിർദേശപ്രകാരം അദ്ദേഹം മക്കയിൽ കൊണ്ടുപോയി താമസിപ്പിച്ചു. ഇസ്മാഈൽ (അ) പിതാവിനോടൊപ്പം പണിയെടുക്കാൻ പ്രായപ്പോൾ ആ പുത്രനെ തനിക്ക് ബലിയർപ്പിക്കണമെന്ന് അല്ലാഹു സ്വപ്നദർശനത്തിലൂടെ അദ്ദേഹത്തോടാവശ്യപ്പെടുന്നു. അല്ലാഹു പ്രവാചകന്മാർക്ക് ദിവ്യസന്ദേശം നൽകുന്ന രീതികളിലൊന്നാണ് സ്വപ്നദർശനം. ദിവ്യസന്ദേശങ്ങളുടെ മുഖ്യ മാധ്യമം മലക്കുകളാണ്. മലക്കുകൾ നേരിട്ട് പ്രത്യക്ഷപ്പെട്ടും അല്ലാതെയും സന്ദേശങ്ങൾ എത്തിക്കും. സ്വപ്നദർശനമായി ശരീഅത്ത് നിയമങ്ങൾ വെളിപ്പെടുത്താറില്ല എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. എങ്കിലും പ്രവാചകന്മാരുടെ സ്വപ്നങ്ങൾ അവർ അനുസരിക്കാൻ ബാധ്യസ്ഥമായ ദൈവകൽപനകൾ തന്നെയാണ്. أَرَىٰ......أَنِّي أَذْبَحُكَ 'ഞാൻ നിന്നെ അറുക്കുന്നതായി കാണുന്നു' എന്നാണ് മൂലവാക്യം. ഇത് رأيت انى ذبحتك (ഞാൻ നിന്നെ അറുത്തതായി കണ്ടിരിക്കുന്നു) എന്ന വാക്യത്തിൽനിന്ന് വ്യത്യസ്തമാകുന്നു ارى-اذبح എന്നീ വർത്തമാന ക്രിയകൾ നൈരന്തര്യത്തെക്കൂടി സൂചിപ്പിക്കുന്നതാണ്. ബലിദർശനം ആവർത്തിച്ചുണ്ടാകുന്നു എന്ന് സാരം. അറുത്തതായിട്ടാണ് ദർശനമുണ്ടായതെങ്കിൽ ആ കൽപന നടപ്പിലാവാൻ ഇബ്റാഹീം നബി പുത്രനെ അറുക്കുക തന്നെ വേണ്ടിയിരുന്നു. ഇല്ലെങ്കിൽ അല്ലാഹു അവന്റെ കൽപന നടപ്പിലാക്കുന്നതിനു മുമ്പെ പിൻവലിച്ചു (نسخ ചെയ്തു) എന്നു വരും. അറുത്തുകൊണ്ടിരിക്കുന്നതായി കാണാൻ അറവ് പൂർത്തിയാക്കണമെന്നില്ല. കത്തിയെടുക്കുക, ഉരുവിനെ അറവു സ്ഥലത്ത് കൊണ്ടുവന്നു കിടത്തുക തുടങ്ങിയ ഒരുക്കങ്ങളും അറവിന്റെ ഭാഗമാണ്. ഇബ്റാഹീം നബി കത്തിയൊരുക്കി മകനെ കൊണ്ടുവന്ന് ബലിസ്ഥലത്ത് കിടത്തിയതോടെ സ്വപ്നം യാഥാർഥ്യമായി. അവിടെ കൽപന ദുർബലപ്പെടുത്തലിന്റെ, نسخ-ന്റെ പ്രശ്നമില്ല. സ്വപ്നത്തിലൂടെ അല്ലാഹു ഇബ്റാഹീം നബിയോട് ആവശ്യപ്പെട്ടത് പുത്രബലിക്ക് സർവാത്മനാ സന്നദ്ധനാകാനാണ്. അത് നടന്നു.

പുത്രബലി പിതാവിനു മാത്രമുള്ള പരീക്ഷണമായിരുന്നില്ല. പുത്രനു കൂടിയുള്ള പരീക്ഷണമായിരുന്നു. തന്നോടൊപ്പം പണിയെടുക്കാൻ പ്രാപ്തനായ പുത്രനെയാണ് ബലിയർപ്പിക്കേണ്ടത്; അന്ന് ഇസ്മാഈലിനു(അ) പതിമൂന്ന് വയസ്സായിരുന്നുവെന്ന് പറയപ്പെടുന്നു. ബലി നടക്കാൻ അദ്ദേഹത്തിന്റെ കൂടി സമ്മതം വേണം. മകൻ എതിർത്താൽ പിതാവിന്റെ പരീക്ഷണം പൂർത്തിയാവില്ല. ഇബ്റാഹീം (അ) സ്വപ്നദർശനം മകനെ അറിയിച്ചു. സ്വപ്നത്തിന്റെ അർഥമെന്തെന്നും പിതാവ് തന്നിൽനിന്നാഗ്രഹിക്കുന്നതെന്തെന്നും പുത്രനു മനസ്സിലായി. അദ്ദേഹത്തിനു വേണമെങ്കിൽ പിതാവിനെ എതിർക്കാം. അല്ലെങ്കിൽ അദ്ദേഹത്തെ വിട്ട് ഓടിയൊളിക്കാം. എന്നാൽ ബുദ്ധിമാനും സഹനശീലനും സഹിഷ്ണുവുമായ പുത്രൻ ആ വഴിക്കൊന്നും ചിന്തിക്കുകയേ ചെയ്തില്ല. പിതാവിന്റെ സ്വപ്നത്തിലൂടെ അല്ലാഹു പരീക്ഷിക്കുന്നത് തന്നെയും കൂടിയാണെന്ന് ആ പുത്രനറിയാമായിരുന്നു. പരീക്ഷണത്തിൽ പിതാവിന്റെ വിജയം തന്റെയും വിജയമായിരിക്കും. ആ അറിവ് നിസ്സങ്കോചം പിതാവിനു വഴങ്ങാൻ അദ്ദേഹത്തെ സന്നദ്ധനാക്കി. അദ്ദേഹം പറഞ്ഞു: അല്ലാഹു അങ്ങയോട് കൽപിക്കുന്നതെന്താണോ അതു ചെയ്തുകൊള്ളുക. ഞാൻ ക്ഷമയോടെ അതിനു വഴങ്ങിക്കൊള്ളാം. ●